**മധുരമായ കുട്ടികളെ – തന്റെ സതോപ്രധാന ഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി ഓർമ്മയിലിരിക്കുന്നതിന്റെ ശ്രേഷ്ഠമായ പുരുഷാർത്ഥം ചെയ്യൂ, സദാ ഓർമ്മവെക്കൂ ഞാൻ ആത്മാവാണ്, ബാബയിൽ നിന്നും പൂർണ്ണമായ സമ്പത്തെടുക്കണം.**

**ചോദ്യം –** കുട്ടികൾക്ക് എന്തുകൊണ്ടാണ് ഓർമ്മയുടെ ചാർട്ട് വെയ്ക്കുന്നതിൽ ബുദ്ധിമുട്ട് തോന്നുന്നത്?
**ഉത്തരം –** എന്തുകൊണ്ടെന്നാൽ ചില കുട്ടികൾ ഓർമ്മയെ യഥാർത്ഥമായി മനസ്സിലാക്കുന്നതേയില്ല. ഓർമ്മയിലിരിക്കുന്നു, ബുദ്ധി പുറത്ത് അലയുകയും ചെയ്യുന്നു. ശാന്തിയുണ്ടാകുന്നില്ല. അവർ പിന്നെ വായുമണ്ഡലത്തെ മോശമാക്കുന്നു. ഓർമ്മിക്കുന്നേയില്ലായെങ്കിൽ പിന്നെ ചാർട്ടെങ്ങനെ എഴുതും. അഥവാ എന്തെങ്കിലും അസത്യം എഴുതിയെങ്കിൽ വളരെയധികം ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. സത്യമായ ബാബയോട് സത്യം പറയേണ്ടി വരും.

**ഗീതം –** ഭാഗ്യം ഉണർത്തി വന്നിരിക്കുന്നു................

**ഓം ശാന്തി**. ആത്മീയ കുട്ടികൾക്ക് വീണ്ടും ആത്മീയ അച്ഛൻ ദിവസവും മനസ്സിലാക്കിത്തരുന്നു എത്ര സാധിക്കുമോ ദേഹീ അഭിമാനിയായി മാറൂ. സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്യൂ ബാബയെ ഓർമ്മിക്കൂ എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാം നമ്മൾ ആ പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സുഖത്തിന്റെ ഭാഗ്യം ഉണ്ടാക്കാൻ വന്നിരിക്കുകയാണ്. അതിനാൽ തീർച്ചയായും ബാബയെ ഓർമ്മിക്കേണ്ടതുണ്ട്. സതോപ്രധാന പവിത്രമായി മാറാതെ സതോപ്രധാന ഭാഗ്യം ഉണ്ടാക്കാൻ സാധിക്കില്ല. ഇത് നല്ല രീതിയിൽ ഓർമ്മിക്കൂ. മുഖ്യമായ കാര്യം ഒന്ന് മാത്രമാണ്. ഇത് തന്റെയടുത്ത് എഴുതി വെയ്ക്കൂ. കൈയ്യിൽ പേരെഴുതാറുണ്ടല്ലോ. നിങ്ങളും എഴുതൂ – നമ്മൾ ആത്മാവാണ്, പരിധിയില്ലാത്ത ബാബയിൽ നിന്ന് നമ്മൾ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ മായ തെറ്റ് ചെയ്യിക്കുന്നു അതുകൊണ്ട് എഴുതുകയാണെങ്കിൽ ഇടക്കിടക്ക് ഓർമ്മ ഉണ്ടാകും. മനുഷ്യർ ഓർമ്മിക്കുന്നതിന് വേണ്ടി ‘ഓം’ ന്റെയോ അഥവാ കൃഷ്ണന്റെയോ ചിത്രവും വെയ്ക്കുന്നു . ഇതാണെങ്കിൽ പുതിയതിലും പുതിയ ഓർമ്മയാണ്. ഇത് കേവലം പരിധിയില്ലാത്ത ബാബ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ഇത് അറിയുന്നതിലൂടെ നിങ്ങൾ സൗഭാഗ്യശാലി മാത്രമല്ല കോടി മടങ്ങ് ഭാഗ്യശാലിയായി മാറുന്നു. ബാബയെ അറിയാത്തതു കാരണം, ഓർമ്മിക്കാത്തതു കാരണം മോശമായി മാറിയിരിക്കുന്നു. ഒരേയൊരു ബാബ മാത്രമാണ് സദാ കാലത്തേക്ക് നമ്മുടെ ജീവിതത്തെ സുഖിയാക്കി മാറ്റാൻ വന്നിരിക്കുന്നത്. ഓർമ്മിക്കുന്നുണ്ട് പക്ഷെ ഒട്ടും തന്നെ അറിയുന്നില്ല. വിദേശത്തുള്ളവരും സർവ്വവ്യാപിയെന്ന് പറയാൻ ഭാരതവാസികളിൽ നിന്നാണ് പഠിച്ചത്. ഭാരതം വീണാൽ, എല്ലാം വീഴുന്നു. ഭാരതം തന്നെയാണ് സ്വയം വീണതിനും മറ്റുള്ളവരെ വീഴ്ത്തിയതിനും ഉത്തരവാദി. ബാബ പറയുന്നു ഞാനും ഇവിടെത്തന്നെയാണ് വന്ന് ഭാരതത്തെ സ്വർഗ്ഗം, സത്യഖണ്ഡമാക്കി മാറ്റുന്നത്. ഇങ്ങനെ സ്വർഗ്ഗം സൃഷ്ടിക്കുന്നവരെ എത്ര ഗ്ലാനി ചെയ്തിരിക്കുന്നു. മറന്നിരിക്കുന്നു അതുകൊണ്ട് എഴുതിയിരിക്കുന്നു യദാ യദാഹി...... ഇതിന്റെയും അർത്ഥം ബാബ വന്ന് മനസ്സിലാക്കി തരുന്നു. ബലിയർപ്പണം ഒരു ബാബയുടെതാണ്. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ വന്നിരിക്കുകയാണ് തീർച്ചയായും, ശിവജയന്തി ആഘോഷിക്കുന്നു. പക്ഷെ ശിവജയന്തിക്ക് ആദരവ് ഒട്ടും തന്നെയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു തീർച്ചയായും വന്നിട്ട് പോയി, അവരുടെ ജയന്തി ആഘോഷിക്കുന്നു. സത്യയുഗീ ആദീ സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന അവർ തന്നെയാണ് ചെയ്യുന്നത്. മറ്റ് എല്ലാവരും അറിയുന്നു നമ്മുടെ ധർമ്മം ഇന്നയാൾ ഇന്ന സമയത്ത് സ്ഥാപിച്ചു. അതിന് മുമ്പ് ദേവീ ദേവതാ ധർമ്മം തന്നെയാണ് ഉണ്ടായിരുന്നത്. അതിനെ തികച്ചും അറിയുന്നില്ല ഈ ധർമ്മം എവിടേക്ക് അപ്രത്യക്ഷമായി. ഇപ്പോൾ ബാബ വന്ന് മനസ്സിലാക്കിത്തരുന്നു – ബാബ തന്നെയാണ് ഏറ്റവും ഉയർന്നത്, വേറെ ആരുടെയും മഹിമയില്ല. ധർമ്മസ്ഥാപകരുടെ മഹിമ എങ്ങനെ ഉണ്ടാവാനാണ്. ബാബ തന്നെയാണ് പാവന ലോകത്തിന്റെ സ്ഥാപനയും പതിത ലോകത്തിന്റെ വിനാശവും ചെയ്യിക്കുന്നത് കൂടാതെ നിങ്ങൾക്ക് മായയുടെ മേൽ വിജയം പ്രാപ്തമാക്കി തരുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. രാവണ രാജ്യം മുഴുവൻ പരിധിയില്ലാത്ത ലോകത്തിനു മേലാണ്. പരിധിയുള്ള ലങ്കയുടെ കാര്യമൊന്നുമില്ല. ഈ തോൽവിയുടെയും വിജയത്തിന്റെയും മുഴുവൻ കഥയും ഭാരതത്തിന്റേത് തന്നെയാണ്. ബാക്കിയെല്ലാം ഉപകഥകളാണ്. ഭാരതത്തിൽത്തന്നെയാണ് ഡബിൾ കിരീടധാരിയും സിംഗിൾ കിരീടധാരിയുമായ രാജാക്കന്മാർ ഉണ്ടാകുന്നത്. ഏതെല്ലാം വലിയ-വലിയ ചക്രവർത്തിമാർ വന്ന് പോയി, ദേവീ ദേവതകൾക്കല്ലാതെ വേറെ ആർക്കും പ്രകാശത്തിന്റെ കിരീടം ഉണ്ടാവുന്നില്ല. ദേവതകളാണെങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നല്ലോ. ഇപ്പോൾ ശിവബാബയെ പറയുന്നു പരംപിതാ, പതിത പാവനൻ. ഇവർക്ക്

ലൈറ്റ് എവിടെ നൽകും. എപ്പോഴാണോ പ്രകാളമില്ലാത്തവരും പതിതരും ആകുന്നത് അപ്പോഴാണ് ലൈറ്റ് നൽകുക. ബാബ സദാ പ്രകാശരൂപനാണ്. ബിന്ദുവിന് എങ്ങനെ ലൈറ്റ് നൽകാൻ സാധിക്കും. സാധ്യമല്ല. ദിനംതോറും നിങ്ങൾക്ക് വളരെ ഗുഹ്യ-ഗുഹ്യമായ കാര്യങ്ങൾ മനസ്സിലാക്കി ത്തന്നുകൊണ്ടിരിക്കുന്നു, ആർക്ക് എത്ര ബുദ്ധിയിൽ വെക്കാൻ കഴിയും. മുഖ്യമായത് ഓർമ്മയുടെ യാത്ര തന്നെയാണ്. ഇതിൽ മായയുടെ വിഘ്നം ഒരുപാട് ഉണ്ടാവുന്നു. ചിലർ ഓർമ്മയുടെ ചാർട്ടിൽ 50-60 ശതമാനവും എഴുതുന്നു പക്ഷെ മനസ്സിലാക്കുന്നില്ല ഓർമ്മയുടെ യാത്രയെന്ന് എന്തിനെയാണ് പറയുന്നത്. ചോദിച്ചുകൊണ്ടിരിക്കുന്നു - ഈ കാര്യത്തെ ഓർമ്മയെന്ന് പറയുമോ? വളരെ ബുദ്ധിമുട്ടാണ്. നിങ്ങൾ ഇവിടെ 10-15 മിനിറ്റ് ഇരിക്കുന്നു, അതിലും പരിശോധിക്കൂ - ഓർമ്മയിൽ നല്ല രീതിയിൽ ഇരിക്കുന്നുണ്ടോ? ഓർമ്മയിലിരിക്കാൻ കഴിയാത്ത അനേകരുണ്ട് പിന്നീടവർ വായുമണ്ഡലത്തെ മോശമാക്കി മാറ്റുന്നു. ഓർമ്മയിലിരിക്കാത്തതുകൊണ്ട് വിഘ്നങ്ങളുണ്ടാക്കുന്നവരും ഒരുപാടുണ്ട്. മുഴുവൻ ദിവസവും ബുദ്ധി പുറത്ത് അലഞ്ഞുകൊണ്ടിരിക്കുന്നു. അതിനാൽ ഇവിടെ ശാന്തമാകുന്നില്ല, അതുകൊണ്ട് ഓർമ്മയുടെ ചാർട്ടും വെക്കുന്നില്ല. അസത്യം എഴുതുന്നതിലൂടെ കുറെക്കൂടി ശിക്ഷ കിട്ടും. അനേകം കുട്ടികൾ തെറ്റുകൾ ചെയ്യുന്നു, ഒളിപ്പിക്കുന്നു. സത്യം പറയുന്നില്ല. ബാബ പറയുന്നു സത്യം പറഞ്ഞില്ലായെങ്കിൽ എത്ര ദോഷമാകുന്നു. എത്ര തന്നെ വലിയ മോശമായ പ്രവൃത്തി ചെയ്താലും സത്യം പറയുന്നതിൽ ലജ്ജ വരും. മിക്കവാറും എല്ലാവരും അസത്യം പറയും. അസത്യമായ മായ അസത്യമായ ശരീരം......... അല്ലേ. തികച്ചും ദേഹാഭിമാനത്തിലേക്ക് വരുന്നു. സത്യം കേൾപ്പിക്കുകയാണെങ്കിൽ നല്ലത് തന്നെയാണ് ഒന്നുകൂടി പഠിക്കും. ഇവിടെ സത്യം പറയണം. ജ്ഞാനത്തോടൊപ്പം ഓർമ്മയുടെ യാത്രയും അത്യാവശ്യമാണ് എന്തുകൊണ്ടെന്നാൽ ഓർമ്മയുടെ യാത്രയിലൂടെ തന്നെയാണ് തന്റെയും വിശ്വത്തിന്റെയും മംഗളം ഉണ്ടാവുന്നത്. ജ്ഞാനം മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. ഓർമ്മയിൽ ത്തന്നെയാണ് പരിശ്രമം. ബാക്കി ബീജത്തിൽ നിന്ന് വൃക്ഷം എങ്ങനെയാണ് പുറത്ത് വരുന്നത്, അത് എല്ലാവർക്കും അറിയാവുന്നതാണ്. ബുദ്ധിയിൽ 84 ജന്മത്തിന്റെ ചക്രമുണ്ട്, ബീജത്തിന്റെയും വൃക്ഷത്തിന്റെയും അറിവുണ്ടാകുമല്ലോ. ബാബ സത്യമാണ്, ചൈതന്യമാണ്, ജ്ഞാനത്തിന്റെ സാഗരമാണ്. ബാബയിൽ മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള ജ്ഞാനമുണ്ട്. ഇത് തികച്ചും അസാധാരണമായ കാര്യമാണ്. ഇത് മനുഷ്യസൃഷ്ടിയുടെ വൃക്ഷമാണ്. ഇതും ആർക്കും അറിയുകയില്ല. എല്ലാവരും അറിയില്ല-അറിയില്ല എന്ന് പറഞ്ഞു പോയി. കാലാവധി തന്നെ അറിയുന്നില്ലായെങ്കിൽ ബാക്കി എന്ത് അറിയാനാണ്. നിങ്ങളിലും വളരെക്കുറച്ച് പേർ മാത്രമേ നല്ല രീതിയിൽ അറിയുന്നവരായിട്ടുള്ളൂ, അതുകൊണ്ട് സെമിനാറും വിളിച്ചുചേർക്കുന്നു. അവരവരുടെ അഭിപ്രായം നൽകൂ. അഭിപ്രായമെല്ലാം ആർക്കു വേണമെങ്കിലും നൽകാൻ സാധിക്കും. ആരുടെ പേരുണ്ടോ അവർ തന്നെ നൽകണം എന്നില്ല. ഞങ്ങളുടെ പേരില്ല, ഞങ്ങളെങ്ങനെ നൽകും, അങ്ങിനെയില്ല, ആർക്ക് വേണമെങ്കിലും സേവാർത്ഥം എന്തെങ്കിലും അഭിപ്രായമുണ്ടോ ഉപദേശമുണ്ടോ എഴുതിക്കൊടുക്കാം. ബാബ പറയുകയാണ് എന്തെങ്കിലും അഭിപ്രായം തോന്നുന്നുവെങ്കിൽ എഴുതണം, ബാബാ ഈ യുക്തിയിലൂടെ സേവനം വളരെയധികം വർദ്ധിപ്പിക്കാൻ സാധിക്കും. ഏത് അഭിപ്രായവും കൊടുക്കാം. നോക്കും ഏതെല്ലാം പ്രകാരത്തിലുള്ള അഭിപ്രായമാണ് നൽകിയിരിക്കുന്നത്. ബാബയാണെങ്കിൽ പറഞ്ഞുകൊണ്ടേയിരിക്കുന്നു - ഏത് യുക്തിയിലൂടെ നമുക്ക് ഭാരതത്തിന്റെ മംഗളം ചെയ്യാം, എല്ലാവർക്കും സന്ദേശം നൽകാം. പരസ്പരം ചർച്ച ചെയ്യൂ, എഴുതി അറിയിക്കൂ. മായ എല്ലാവരെയും ഉറക്കിയിരിക്കുകയാണ്. ബാബ വരുന്നത് തന്നെ മരണം മുന്നിലാകുമ്പോഴാണ്. ഇപ്പോൾ ബാബ പറയുന്നു എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്, പഠിച്ചാലും പഠിച്ചില്ലെങ്കിലും, മരിക്കുക തീർച്ചയാണ്. തയ്യാറെടുത്താലും ഇല്ലെങ്കിലും പുതിയ ലോകം തീർച്ചയായും സ്ഥാപിക്കപ്പെടും. നല്ല നല്ല കുട്ടികൾ ആരാണോ അവർ തന്റെ തയ്യാറെടുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നു. കുചേലന്റെ ഉദാഹരണം പാടപ്പെട്ടിട്ടുള്ളതാണ് - ഒരു പിടി അവലും കൊണ്ടു വന്നു. ബാബാ ഞങ്ങൾക്കും കൊട്ടാരം ലഭിക്കണം. അവരുടെയടുത്ത് ഉള്ളത് ഒരു പിടി അരിയാണെങ്കിൽ എന്തു ചെയ്യും. ബാബ മമ്മയുടെ ഉദാഹരണം പറയുകയാണ് - ഒരു പിടി അരി പോലും കൊണ്ടു വന്നിരുന്നില്ല. എന്നിട്ടും എത്ര ഉയർന്ന പദവി നേടി, ഇതിൽ പൈസയുടെ കാര്യമൊന്നുമില്ല. ഓർമ്മയിലിരിക്കണം കൂടാതെ തനിക്കു സമാനമാക്കി മാറ്റണം. ബാബക്കാണെങ്കിൽ ഫീസ് മുതലായവയൊന്നും ഇല്ല. മനസ്സിലാക്കുന്നു ഞങ്ങളുടെയടുത്ത് പൈസയുണ്ടെങ്കിൽ എന്തുകൊണ്ട് യജ്ഞത്തിൽ സ്വാഹാ ചെയ്തുകൂടാ. മുന്നോട്ട് പോകവേ എല്ലാം വ്യർത്ഥമായി പോകാനിരിക്കുകയാണ്. ഇതിലൂടെ എന്തെങ്കിലും സഫലമാക്കാം. എല്ലാ മനുഷ്യരും ഏതെങ്കിലുമൊക്കെ ദാന-പുണ്യം തീർച്ചയായും ചെയ്യുന്നു. അത് പാപാത്മാക്കൾക്ക് പാപാത്മാക്കൾ ചെയ്യുന്ന ദാന-പുണ്യമാണ്. എന്നിട്ടും അതിന്റെ ഫലം അല്പകാലത്തേക്ക് ലഭിക്കുന്നു. മനസ്സിലാക്കൂ ചിലർ യൂണിവേഴ്സിറ്റി, കോളേജ് മുതലായവ ഉണ്ടാക്കുന്നു, കൂടുതൽ പൈസയുണ്ട്, ധർമ്മശാല മുതലായവ ഉണ്ടാക്കിക്കൊടുക്കുന്നുവെങ്കിൽ അവർക്ക് കെട്ടിടം മുതലായവ നല്ലത് ലഭിക്കും. പക്ഷെ എന്നിട്ടും അസുഖം മുതലായവ ഉണ്ടാകുമല്ലോ. മനസ്സിലാക്കൂ ആരെങ്കിലും ഹോസ്പിറ്റൽ ഉണ്ടാക്കിയെങ്കിൽ ആരോഗ്യം വളരെ നല്ലതായിരിക്കും. പക്ഷെ അതിലൂടെ എല്ലാ ആഗ്രഹങ്ങളു

മൊന്നും സഫലമാവുകയില്ല. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത ബാബയിലൂടെ നിങ്ങളുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കപ്പെടുന്നു.

നിങ്ങൾ പാവനമായി മാറുന്നുവെങ്കിൽ എല്ലാ പൈസയും വിശ്വത്തെ പാവനമാക്കി മാറ്റുന്നതിൽ ഉപയോഗിക്കുന്നത് നല്ലതാണല്ലോ. മുക്തി – ജീവൻ മുക്തി നൽകുന്നു അതും അരകല്പത്തേക്ക് വേണ്ടി. എല്ലാവരും പറയുന്നു ഞങ്ങൾക്ക് ശാന്തി എങ്ങനെ ലഭിക്കും. അതാണെങ്കിൽ ശാന്തിധാമത്തിലാണ് ലഭിക്കുക, സത്യയുഗത്തിൽ ഒരു ധർമ്മമായതു കാരണം അവിടെ അശാന്തി ഉണ്ടായിരിക്കില്ല. അശാന്തി രാവണ രാജ്യത്തിലാണുണ്ടാവുക. പാടാറുണ്ടല്ലോ – രാമ രാജാ രാമ പ്രജാ......... അത് അമര ലോകമാണ്. അവിടെ അമര ലോകത്തിൽ മരണത്തിന്റെ അക്ഷരം പോലും ഉണ്ടായിരിക്കില്ല. ഇവിടെയാണെങ്കിൽ ഇരിക്കെയിരിക്കെ പെട്ടെന്ന് മരിക്കുന്നു, ഇതിനെ മൃത്യുലോകമെന്നും അതിനെ അമരലോകമെന്നും പറയുന്നു. അവിടെ മരണം സംഭവിക്കുകയില്ല. പഴയൊരു ശരീരം ഉപേക്ഷിച്ച് പിന്നീട് കുട്ടിയായി മാറുന്നു. രോഗം ഉണ്ടായിരിക്കില്ല. എത്ര പ്രയോജനമുണ്ടാകുന്നു. ശ്രീ ശ്രീയുടെ മതത്തിലൂടെ നിങ്ങൾ സദാ ആരോഗ്യമുള്ളവരായി മാറുന്നു. അതിനാൽ അങ്ങനെയുള്ള ആത്മീയ സെന്ററുകൾ എത്ര തുറക്കണം. കുറച്ചെങ്കിലും വരുന്നു അതെന്താ ചെറിയ കാര്യമാണോ. ഈ സമയം ഒരു മനുഷ്യനും ഡ്രാമയുടെ കാലാവധിയെക്കുറിച്ച് അറിയുകയില്ല. ചോദിക്കും നിങ്ങളെ പിന്നെ ഇത് ആരാണ് പഠിപ്പിച്ചത്. ഞങ്ങൾക്ക് പറഞ്ഞു തരുന്നത് ബാബയാണ്. ഇത്രയും അനേകം ബി.കെ.യാണ്. ശിവബാബയുടെ കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാവിന്റെയും കുട്ടികളാണ്. മനുഷ്യവർഗ്ഗത്തിന്റെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറാണ് ഇദ്ദേഹം. ഇവരിലൂടെ നമ്മൾ ബി.കെ ആകുന്നു. സഹോദരങ്ങളാകുമല്ലോ. നിങ്ങൾ ദേവീ –ദേവതകളുടെ കുലം വളരെയധികം സുഖം തരുന്നതാണ്. ഇവിടെ നിങ്ങൾ ഉത്തമരാകുന്നു പിന്നീട് അവിടെ രാജ്യം ഭരിക്കുന്നു. ഇത് ആരുടെ ബുദ്ധിയിലും ഇരിക്കാൻ സാധിക്കില്ല. ഇതും കുട്ടികൾക്ക് മനസ്സിലായി ദേവതകളുടെ പാദങ്ങൾ തമോപ്രധാന ലോകത്തിൽ പതിക്കാൻ സാധിക്കില്ല. ജഡചിത്രത്തിന്റെ നിഴൽ പതിക്കാൻ സാധിക്കുന്നു, ചൈതന്യത്തിന്റെ പതിക്കുക സാധ്യമല്ല. അതിനാൽ ബാബ മനസ്സിലാക്കിത്തരികയാണ് – കുട്ടികളേ, ഒന്ന് ഓർമ്മയുടെ യാത്രയിലിരിക്കൂ, ഒരു വികർമ്മവും ചെയ്യരുത്, സേവനത്തിനുള്ള യുക്തികൾ ഉണ്ടാക്കൂ. കുട്ടികൾ പറയുകയാണ് – ബാബാ, ഞങ്ങൾ ലക്ഷ്മീ നാരായണനെപ്പോലെയായി മാറുമോ. ബാബ പറയുന്നു നിങ്ങളുടെ മുഖത്ത് ഗുലാബ്ജാമുൻ എന്ന്... എന്നാൽ ഇതിന് വേണ്ടി പരിശ്രമവും ചെയ്യണം. ഉയർന്ന പദവി നേടണമെങ്കിൽ തനിക്കു സമാനമാക്കുന്നതിന്റെ സേവനം ചെയ്യൂ. നിങ്ങൾ ഒരു ദിവസം കാണും – ഓരോ വഴികാട്ടിയും തന്നോടൊപ്പം 100–200 യാത്രികരെയും കൂട്ടികൊണ്ട് വരും. മുന്നോട്ട് പോകുമ്പോൾ കണ്ടുകൊണ്ടിരിക്കും. ആദ്യം തന്നെ ഇതൊന്നും പറയാൻ സാധിക്കില്ല. എന്താണോ സംഭവിച്ചുകൊണ്ടിരിക്കുന്നത് അത് കാണാം.

ഇത് പരിധിയില്ലാത്ത നാടകമാണ്. പഴയ ലോകത്തെ പുതിയതാക്കി മാറ്റുന്ന നിങ്ങളുടെ ബാബയോടൊപ്പമുള്ള പാർട്ട് ഏറ്റവും മുഖ്യമായതാണ്. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ഇപ്പോൾ നിങ്ങൾ സുഖധാമത്തിന്റെ അധികാരിയായി മാറുകയാണ്. അവിടെ ദുഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരിക്കില്ല. ബാബ തന്നെയാണ് ദുഃഖ ഹർത്താവും, സുഖ കർത്താവും. വന്ന് ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നു. ഭാരതവാസികൾ പിന്നെ മനസ്സിലാക്കുകയാണ് ഇത്രയും ധനമുണ്ട്, വലിയ വലിയ കൊട്ടാരമുണ്ട്, വൈദ്യുതിയുണ്ട്, അത്രയും മതി ഇത് തന്നെയാണ് സ്വർഗ്ഗം. ഇതെല്ലാം മായയുടെ ഷോയാണ്. സുഖത്തിന് വേണ്ടി ഒരുപാട് സാധനങ്ങൾ ഉണ്ടാക്കുന്നു. വലിയ വലിയ കെട്ടിടങ്ങളെല്ലാം ഉണ്ടാക്കുന്നു പിന്നീട് എങ്ങനെയെല്ലാമാണ് പെട്ടെന്ന് മരണം സംഭവിക്കുന്നത്, അവിടെ(സത്യയുഗം) മരണത്തിന്റെ പേടിയില്ല. ഇവിടെയാണെങ്കിൽ യാദൃശ്ചികമായാണ് മരിക്കുന്നത് പിന്നീട് വളരെയധികം ദുഖിക്കുന്നു. പിന്നീട് സമാധിയിൽ പോയി കണ്ണുനീരൊഴുക്കുന്നു. ഓരോരുത്തർക്കും അവരവരുടെ ആചാരങ്ങളാണ്. അനേക അഭിപ്രായങ്ങളാണ്. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ സംഭവിക്കുകയില്ല. അവിടെയാണെങ്കിൽ ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു. അതിനാൽ നിങ്ങൾ എത്ര സുഖത്തിലേക്കാണ് പോകുന്നത്. അതിന് വേണ്ടി വളരെയധികം പുരുഷാർത്ഥം ചെയ്യണം. ഓരോ ചുവടിലും (ശ്രീമതം)അഭിപ്രായമെടുക്കണം. ഗുരുവിന്റെ അഥവാ പതിയുടെ മതം സ്വീകരിക്കുന്നുവെങ്കിൽ അവരുടെ മതത്തിലൂടെ നടക്കേണ്ടി വരുന്നു. ആസുരീയ മതം എന്ത് കാര്യമാണ് തരിക. ആസുരീയതയിലേക്ക് തന്നെ തള്ളിയിടും. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരീയ മതം ലഭിച്ചിരിക്കുന്നു, ഉയർന്നതിലും ഉയർന്നത് അതുകൊണ്ട് പാടുന്നുമുണ്ട് – ശ്രീമത് ഭഗവാനുവാചാ. നിങ്ങൾ കുട്ടികൾ ശ്രീമതത്തിലൂടെ മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കി മാറ്റുന്നു. ആ സ്വർഗ്ഗത്തിന്റെ അധികാരിയായി നിങ്ങൾ മാറും അതുകൊണ്ട് നിങ്ങൾക്ക് ഓരോ ചുവടിലും ശ്രീമതം എടുക്കണം പക്ഷെ ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് പിന്നെ ശ്രീമതത്തിലൂടെ നടക്കില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആർക്കെങ്കിലും സാമർത്ഥ്യമുണ്ടോ, അഭിപ്രായമുണ്ടോ, എങ്കിൽ ബാബക്ക്

അയച്ചുകൊടുക്കൂ. ബാബക്കറിയാം ആരെല്ലാം അഭിപ്രായം നൽകുന്നതിന് യോഗ്യരാണ്. പുതിയ പുതിയ കുട്ടികൾ വന്നുകൊണ്ടിരിക്കുന്നു.
ബാബക്കാണെങ്കിൽ അറിയാമല്ലോ ആരെല്ലാമാണ് നല്ല നല്ല കുട്ടികൾ. കടക്കാർക്കും ബാബയുടെ പരിചയം ലഭിക്കുന്ന തരത്തിൽ ശ്രമം നടത്താൻ അഭിപ്രായം സ്വരൂപിക്കണം. കടയിലും എല്ലാവർക്കും ഓർമ്മ ചെയ്യിച്ചുകൊണ്ടിരിക്കൂ. ഭാരതത്തിൽ എപ്പോഴാണോ സത്യയുഗമായിരുന്നത് അപ്പോൾ ഒരു ധർമ്മമായിരുന്നു. ഇതിൽ ദേഷ്യം ഉണ്ടാവേണ്ട കാര്യമില്ല. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം

1. ശ്രീമതത്തിലൂടെ നടന്ന് മുഴുവൻ വിശ്വത്തെയും സ്വർഗ്ഗമാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം, അനേകരെ തനിക്കു സമാനമാക്കി മാറ്റണം. ആസുരീയ മതത്തിൽ നിന്ന് സ്വയം സംരക്ഷിക്കണം.

2. ഓർമ്മയുടെ പരിശ്രമത്തിലൂടെ ആത്മാവിനെ സതോ പ്രധാനമാക്കി മാറ്റണം. കുചേലനെപ്പോലെ ഒരു പിടി അരിയാണെങ്കിലും അതെല്ലാം സഫലമാക്കി തന്റെ സർവ്വ കാമനകളും പൂർത്തീകരിക്കണം.

## വരദാനം–ഒരു ബാബ ,രണ്ടാമതൊരാളില്ല – ഈ ദൃഢസങ്കൽപത്തിലൂടെ അവിനാശിയും അമരനുമായി ഭവിക്കട്ടെ.

ഏത് കുട്ടികളാണോ ഒരു ബാബ രണ്ടാമതൊരാളില്ല എന്ന ദൃഢസങ്കൽപത്തിലിരിക്കുന്നത് അവരുടെ സ്ഥിതി സ്വതവേ വളരെ എളുപ്പത്തിൽ ഏകരസമായി മാറുന്നു.ഈ ദൃഢസങ്കൽപത്തിലൂടെ സർവ്വസംബന്ധങ്ങളുടേയും അവിനാശിയായ ബന്ധം കൂടി കൂട്ടിച്ചേർക്കപ്പെടുന്നു ഒപ്പം അവർക്ക് സദാ അവിനാശി ഭവഃ,അമർഭവഃ എന്നീ വരദാനങ്ങളും ലഭിക്കുന്നു.ദൃഢസങ്കൽപം വെക്കുന്നതിലൂടെ പുരുഷാർത്ഥത്തിലും വിശേഷരൂപത്തിലുള്ള ലിഫ്റ്റ് ലഭിക്കും.ആർക്കാണോ ഒരു ബാബയുമായി സർവ്വ സംബന്ധങ്ങളുമുള്ളത് അവർക്ക് സർവ്വ പ്രാപ്തികളും താനേ ലഭിക്കുന്നു.

## സ്ലോഗൻ–ചിന്തിക്കുക,പറയുക,ചെയ്യുക ഇവ മൂന്നും ഒരുപോലെയാക്കൂ, അപ്പോൾ പറയാം സർവോത്തമപുരുഷാർത്ഥി.

**അവ്യക്തസൂചന–സഹജയോഗിയായി മാറണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവിയായിമാറൂ..** ഏത് സമയത്ത് ഏത് സംബന്ധത്തിന്റെ ആവശ്യകതയാണോ ഉള്ളത് ആ സംബന്ധത്തിൽ ഭഗവാനെ സ്വന്തമാക്കൂ,ഉള്ളുകൊണ്ട് പറയൂ, മേരാബാബാ... അപ്പോൾ ബാബയും പറയും, എന്റെകുട്ടീ...ഈ സ്നേഹത്തിൽ അലിഞ്ഞുചേരൂ.ഈ സ്നേഹം കുടത്തണൽ പോലെ പ്രവർത്തിക്കും.ഇതിന്റെ അകത്തേക്ക് മായക്ക് പ്രവേശിക്കാനാവില്ല.ഇതുതന്നെയാണ് സഹജയോഗിയാകാനുള്ള മാർഗ്ഗം.